സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ജൂനിയർ സൂപ്രണ്ട്/ സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലെ ഉദ്യോഗസ്ഥരെ പ്രൊവിഷണലായി അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയത് - സമ്മതപത്രം ഹാജരാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 5600/12/Est-I നന്തൻകോട്, 03/10/2017

---

പരാമർശം :- 1) 03-8-2017 ലെ മേൽ നമ്പർ ഉത്തരവ്.

2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 29-8-2017 ലെ DA 866/17/E-3 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ജൂനിയർ സൂപ്രണ്ട്/സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലെ ഉദ്യോഗസ്ഥരെ പ്രൊവിഷണലായി അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയ പരാമർശം 1 ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടന്നുവരുന്ന WP(C) No. 1914/17/& WP(C) No. 19338/17 കേസ്സിലെ അന്തിമ ഉത്തരവിന് വിധേയമായാണ് പ്രൊമോഷൻ നൽകുന്നതെന്നും പ്രസ്തുത പ്രൊമോഷൻ ലഭിച്ചവർ അധികം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഒടുക്കാമെന്ന് വിവരിച്ചുള്ള 200/- രൂപയുടെ സമ്മതപത്രം ഹാജരാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം 2 റിപ്പോർട്ടിൽ പ്രസ്തുത സമ്മതപത്രം ഹാജരാക്കിയവരുടെ പേരുവിവരം അറിയിച്ചെങ്കിൽ മാത്രമെ പ്രൊമോട്ട് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരുടെ 'പേ സ്ലിപ്പ്' നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് അറിയിച്ചു.

ടി വിഷയം സംബന്ധിച്ച് ലാ ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

ജൂനിയർ സൂപ്രണ്ട്/ സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് പ്രൊവിഷണലായി പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥർ 03-8-2017 ലെ മേൽ നമ്പർ ഉത്തരവിൽ വിവരിക്കും പ്രകാരമുള്ള എഗ്രിമെന്റ് ചുവടെ വിവരിക്കും പ്രകാരം 200/- രൂപ പത്രത്തിൽ തയ്യാറാക്കി ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നൽകുന്നതിന് ടി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(മറുപുറം)

ബഹുമാനപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി മുമ്പാകെ

.........................................................................................എഴുതി നൽകുന്ന സമ്മതപത്രം.

സർ,

ബോർഡ് ആഫീസിലെ 03-8-2017 ലെ ROC 5600/12/Est-1 നമ്പർ ................. ഉത്തരവിൻപ്രകാരം .........................ആയിരുന്ന എന്നെ 39500-83000 ശമ്പളസ്കെയിലിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ പ്രൊവിഷണലായി പ്രൊമോട്ട് ചെയ്ത് ......................... ആയി നിയമിച്ചിട്ടുള്ളതാണ്. എന്നാൽ ബഹു: കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന WP(C) No: 19214/17, WP(C) 19338/17 എന്നീ കേസ്സുകളിലോ പ്രൊമോഷൻ സംബന്ധിച്ചുള്ള മറ്റേതെങ്കിലും കേസ്സുകളിന്മേലോ ഉള്ള അന്തിമ വിധിയ്ക്ക് വിധേയമായി എന്റെ പ്രൊമോഷൻ സംബന്ധിച്ച് ഞാൻ അധികമായി കൈപ്പറ്റിയ ശമ്പള ആനുകൂല്യങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് എന്റെ ശമ്പളം ക്രമീകരിച്ചുവരുന്നമുറയ്ക്ക് തിരിച്ചടച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊള്ളുന്നു.

(ഒപ്പ്)

സ്ഥലം

പേര്

തീയതി

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

Jayasree. S

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ - നടപടിക്കായി
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ - നടപടിക്കായി
3. All Heads of Offices
4. EDP Section
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

SK